# പാപ്പായുടെ ലോക മിഷൻദിന സന്ദേശം 2026
# ക്രിസ്തുവിൽ ഒന്നായി, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ച്

പ്രിയ സഹോദരീസഹോദരന്മാരേ,

സഭയുടെ പ്രിയങ്കരനായ പിയൂസ് പതിനൊന്നാമൻ പാപ്പാ സമാരംഭം കുറിച്ച ലോക പ്രേഷിത ദിനത്തിന്റെ നൂറാം വാർഷികാഘോഷം കുറിക്കുന്ന 2026-ാമാണ്ടിലെ പ്രമേയമായി ക്രിസ്തുവിൽ ഒന്നായി, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ച് എന്ന ആപ്തവാക്യം ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു. ജൂബിലി വർഷം പൂർത്തീകരിച്ചിരിക്കുന്ന ഈ വേളയിൽ, പരിശുദ്ധാത്മാവിന്റെ ആനന്ദത്തോടും തീക്ഷണതയോടും കൂടി സഭ മുഴുവനും തുടർയാത്ര ചെയ്യണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിനായി ഹൃദയങ്ങൾ ക്രിസ്തുവിൽ ഒന്നായി തീരുകയും സമൂഹങ്ങൾ അനുരഞ്ജനപ്പെടുകയും എല്ലാവരും ഉദാരമനസ്സോടെയും വിശ്വാസത്തോടെയും പരസ്പരം സഹകരിക്കാൻ സന്മനസ്സ് കാണിക്കുകയും വേണം.

ക്രിസ്തുവിൽ ഒന്നായി, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ച് എന്ന പ്രമേയത്തെ ധ്യാനിക്കുമ്പോൾ, സഭാചരിത്രത്തിലെ ഈ 'പുതിയ പ്രേഷിത കാലഘട്ടത്തിൽ' ദൈവകൃപയാൽ നയിക്കപ്പെടാനും 'പ്രേഷിത വിളിയുടെ അഗ്നിയിൽ സ്വയം നവീകരിക്കാനും' സുവിശേഷവല്ക്കരണം എന്ന ലക്ഷ്യത്തിലേക്ക് സമർപ്പണത്തോടെ മുന്നേറാനും നമ്മെ തന്നെ വിട്ടുകൊടുക്കാം. (സുവിശേഷ പ്രഭാഷണം, ജൂബിലി ഓഫ് ദ മിഷണറി വേൾഡ് ആൻഡ് ഓഫ് മൈഗ്രന്റ്സ്, 5 ഒക്ടോബർ 2025).

## 1. ക്രിസ്തുവിൽ ഒന്നായി - ക്രിസ്തുവിനോടും നമ്മുടെ സഹോദരീസഹോദരന്മാരോടും ഒന്നുചേർന്ന പ്രേഷിത ശിഷ്യർ

ക്രിസ്തുവുമായുള്ള ഐക്യമാണ് പ്രേഷിതദൗത്യത്തിന്റെ കാതൽ. തന്റെ പീഡാനുഭവത്തിന് മുമ്പ് യേശു പിതാവിനോട് പ്രാർത്ഥിച്ചു: അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനുവേണ്ടി (യോഹ 17, 21). യേശുവിന്റെ അതിഗാഢമായ ആഗ്രഹവും അവിടുത്തെ ശിഷ്യരെന്നനിലയിൽ സഭയുടെ വ്യക്തിത്വവുമാണ് ഈ വാക്കുകൾ വെളിപ്പെടുന്നത്. അതായത്, ത്രിത്വത്തിൽ നിന്നൊഴുകുന്ന ഐക്യം ത്രിത്വം തന്നെ നിലനിർത്തുന്നു. സകല മനുഷ്യരും തമ്മിലുള്ള സാഹോദര്യവും സകല സൃഷ്ടികളും തമ്മിലുള്ള ലയവും.

ക്രിസ്ത്യാനിയാകുക എന്നാൽ പരമപ്രധാനമായി അനുശീലനങ്ങളോ ആശയങ്ങളോ അല്ല. അത് പിതാവുമായും പരിശുദ്ധാത്മാവുമായും പുത്രസഹജമായ ബന്ധം പുലർത്തിക്കൊണ്ടും ക്രിസ്തുവുമായി ഐക്യപ്പെട്ടും കൊണ്ടുള്ള ജീവിതമാണ്. മുന്തിരിച്ചെടിയുടെ ചില്ലകൾ പോലെ, ത്രിതൈക ജീവനിൽ ആഴ്ന്നിറങ്ങി, ക്രിസ്തുവിൽ വസിക്കുക എന്നതാണത് (യോഹ 15,4 കാണുക). ഈ ഐക്യം വിശ്വാസികൾ തമ്മിലുള്ള പരസ്പര കൂട്ടായ്മ സാധ്യമാക്കുകയും അതുവഴി എല്ലാ പ്രേഷിത്രവർത്തനങ്ങളുടെയും ഉറവിടമായിത്തീരുകയും ചെയ്യുന്നു. ജോൺ പോൾ രണ്ടാമൻ പാപ്പാ പഠിപ്പിച്ചതുപോലെ, 'കൂട്ടായ്മ പ്രേഷിതദൗത്യത്തിന്റെ ഉറവിടത്തെയും ഫലപ്രാപ്തിയെയും സൂചിപ്പിക്കുന്നു (അപ്പോസ്തോലിക പ്രബോധനം - ക്രിസ്തിഫിദേലെസ് ലായ്ച്ചി, 32)

ഈ സാഹചര്യത്തിൽ, സഭയുടെ പ്രഥമമായ പ്രേഷിത ഉത്തരവാദിത്വം അവളുടെ അംഗങ്ങൾ തമ്മിലുള്ള ആത്മീയവും സഹോദരപരവുമായ ഐക്യം പുതുക്കുക എന്നതാണ്. പല സാഹചര്യങ്ങളിലും നാം സംഘർഷങ്ങളും ധ്രുവീകരണങ്ങളും തെറ്റിദ്ധാരണകളും പരസ്പര വിശ്വാസമില്ലായ്മയും നേരിടുന്നു. ഇത് നമ്മുടെ സമൂഹങ്ങൾക്കുള്ളിൽ സംഭവിക്കുമ്പോൾ അത് നമ്മുടെ സാക്ഷ്യം നല്കലിന് തുരങ്കം വയ്ക്കുന്നു. തന്റെ ശിഷ്യരെ ക്രിസ്തു ഏൽപിച്ച സുവിശേഷവൽക്കരണ ദൗത്യം എല്ലാറ്റിനുമുപരി, രൂപാന്തരം പ്രാപിച്ച് ഐക്യത്തിനായി കൊതിക്കുന്ന ഹൃദയങ്ങളെ ആവശ്യപ്പെടുന്നു. തല്ഫലമായി, നിഖ്യാ കൗൺസിലിന്റെ 1700-ാം വാർഷികം സംയുക്തമായി ആഘോഷിച്ചതിന്റെ തുടർച്ചയായി അവസരങ്ങൾ തുറന്നു കൊണ്ട്, ക്രിസ്തീയ സഭകളുമായുള്ള സഭൈക്യപരമായ പരിശ്രമങ്ങൾ ഊർജസ്വലമാക്കേണ്ടത് വളരെ ആവശ്യമാണ്.

അവസാനമായി, 'ക്രിസ്തുവിൽ ഒന്നായി' എന്ന ആപ്തവാക്യം നമ്മുടെ കണ്ണുകൾ കർത്താവിൽ ഉറപ്പിച്ചു നിർത്താൻ ആഹ്വാനം ചെയ്യുന്നു. അങ്ങനെ അവിടുന്ന് നമ്മുടെ ജീവിതങ്ങളിലും സമൂഹങ്ങളിലും ഉച്ചരിക്കപ്പെടുന്ന ഓരോ വാക്കിന്റെയും പ്രവൃത്തിയുടെയും വ്യക്തിബന്ധങ്ങളുടെയും കേന്ദ്രമായി തീരുകയും 'ഇനി മേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്' (ഗലാ 2,20) എന്ന്

വിസ്മയപൂർവം പറയാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യട്ടെ. തിരുവചനം നിരന്തരം ശ്രവിച്ചുകൊണ്ടും, കൂദാശകളിലൂടെ കൃപ സ്വീകരിച്ചുകൊണ്ടും സഭയുടെ സജീവശിലകളാകാൻ നമുക്ക് സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും പ്രത്യേകമായി ഫ്രാൻസിസ് പാപ്പായുടെയും അടിസ്ഥാന ആശയങ്ങളും പേപ്പൽ മജിസ്തേരിയത്തിന്റെ ആശയങ്ങളും ഉയർത്തിപ്പിടിക്കാൻ ഇന്ന് സഭ വിളിക്കപ്പെട്ടിരിക്കുന്നു. വി. പൗലോസ് പറയുന്നതുപോലെ, 'നാം നമ്മെതന്നെയല്ല, കർത്താവായ ക്രിസ്തുവിനെയാണ് പ്രഘോഷിക്കുന്നത്' (2 കോറി 4,5). വി. പോൾ ആറാമന്റെ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: ദൈവപുത്രനായ, നസ്രായനായ യേശുവിന്റെ നാമവും, പഠനും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും പ്രഘോഷിക്കുന്നില്ലെങ്കിൽ അവിടെ യഥാർത്ഥ സുവിശേഷവല്ക്കരണമില്ല. (അപ്പോസ്തോലിക് എക്സോർട്ടേഷൻ ഇവാൻഞ്ചെലീ നൂൺസിയാന്തി, 22) മനുഷ്യസമൂഹം മുഴുവൻ വ്യാപിക്കുന്നതിനുവേണ്ടി സുവിശേഷവല്ക്കരണം ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ആരംഭിക്കുന്നു. ആയതിനാൽ എത്രത്തോളം നാം ക്രിസ്തുവിനോട് ഐക്യപ്പെടുന്നുവോ, അത്ര നന്നായി നമ്മെ ഏൽപിച്ചിരിക്കുന്ന ദൗത്യം ഒരുമിച്ചു കൊണ്ടുപോകാൻ സാധിക്കും.

## 2. പ്രേഷിതദൗത്യത്തിൽ ഒന്നിച്ച് – കർത്താവായ ക്രിസ്തുവിൽ ലോകം വിശ്വസിക്കുവാൻ വേണ്ടി

ശിഷ്യന്മാരുടെ ഐക്യം അതിൽതന്നെ ഒരു അവസാനമല്ല. അതിന്റെ ലക്ഷ്യം പ്രേഷിതദൗത്യമാണ്. യേശു വ്യക്തമായി പറയുന്നു: അങ്ങ് എന്നെ അയച്ചുവെന്ന് ലോകം വിശ്വസിക്കുവാൻ വേണ്ടി (യോഹ 17, 21). അനുരഞ്ജനപ്പെട്ട്, സഹോദര ചൈതന്യത്തിൽ ഐക്യപ്പെട്ട ഒരു സമൂഹത്തിന്റെ സാക്ഷ്യം വഴി മാത്രമേ സുവിശേഷ പ്രഘോഷണം അതിന്റെ പൂർണമായ സംവേദന ശക്തിയിൽ എത്തിച്ചേരുകയുള്ളൂ.

ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട്, വാഴ്ത്തപ്പെട്ട പാവ്ലോ മന്നായുടെ ആപ്തവാക്യം ഓർക്കുന്നത് നല്ലതാണ്. 'ലോകത്തിന്റെ മാനസാന്തരത്തിനു വേണ്ടി എല്ലാ സഭകളും ഐക്യപ്പെടണം'. പൊന്തിഫിക്കൽ മിഷണറി യൂണിയൻ 1916-ൽ സ്ഥാപിതമായതിന് പിന്നിലെ ആശയം ഈ വാക്കുകളിൽ സംക്ഷിപ്തമായി പറയുന്നു. അതിന്റെ 110-ാം വാർഷികത്തിൽ, പുരോഹിതരുടെയും സമർപ്പിതരുടെയും അല്മായരുടെയും പ്രേഷിത ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും സുവിശേഷവല്ക്കരണ ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കുള്ള സമർപ്പണത്തിന് ഞാൻ കൃതജ്ഞത അർപ്പിക്കുകയും ആശീർവദിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ, സമർപ്പിക്കപ്പെട്ട ഒരാളും മിഷണിൽ നിന്ന് ഒഴിവാക്കപ്പെടുകയോ നിസംഗത അവകാശപ്പെടുകയോ ചെയ്യുന്നില്ല. ഓരോരുത്തരും, അവരവരുടെ വിളിക്കും ജീവിതസാഹചര്യത്തിനും അനുസൃതമായി, ക്രിസ്തു തന്റെ സഭയെ ഭരമേല്പിച്ചിരിക്കുന്ന മഹത്തായ ദൗത്യത്തിൽ പങ്കുചേരുന്നു. ഫ്രാൻസിസ് പാപ്പാ ആവർത്തിച്ച് നമ്മെ ഓർമിപ്പിച്ചിരുന്നതു പോലെ, സുവിശേഷപ്രഘോഷണം എല്ലായ്പ്പോഴും ലയസാന്ദ്രവും സാമൂഹികമാനമുള്ളതും സിനഡലും ആയിരിക്കണം.

ഇക്കാരണത്താൽ, മിഷണിലെ ഐക്യം എന്നാൽ കൂട്ടായ്മയുടെയും മിഷണറി സഹവർത്തിത്വത്തിന്റെയും ആത്മീയത പരിപോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ്. അനുദിനം ഈ മനോഭാവം വളർത്തുക വഴി, നമ്മുടെ സഹോദരീസഹോദരന്മാരെ വിശ്വാസത്തിന്റെ വെട്ടത്തിൽ കാണാൻ ദിവ്യകൃപാവരം പടിപടിയായി നമ്മെ സഹായിക്കും. ഓരോ വ്യക്തിയിലും ആത്മാവ് പ്രചോദിപ്പിക്കുന്ന നന്മ സന്തോഷപൂർവം തിരിച്ചറിയാനും വൈവിധ്യം നിധി പോലെ സ്വീകരിക്കാനും പരസ്പരം ഭാരങ്ങൾ വഹിക്കാനും ഉന്നതങ്ങളിൽ നിന്നു വരുന്ന ഐക്യം എപ്പോഴും തേടാനും നാം പഠിക്കും. തീർച്ചയായും നാം എല്ലാവരും ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു മാമ്മോദീസ, എല്ലാവരിലും ഉപരിയും എല്ലാവരിലും ആയിരിക്കുന്നവനും എല്ലാവർക്കും പിതാവുമായ ഒരു ദൈവം (എഫേ 4,5-6) എന്ന ഏക ദൗത്യത്തിൽ പങ്കാളികളാകുന്നു. ഈ ആധ്യാത്മികത പ്രേഷിത ശിഷ്യത്വത്തിന്റെ അനുദിന പ്രകടനത്തിന്റെ പ്രധാന ഘടകമാണ്. സഭയുടെ മാറുന്ന സുവിശേഷവല്ക്കരണ ദൗത്യത്തിന്റെ സാർവത്രിക ദർശനം തിരിച്ചു പിടിക്കാനുള്ള സംഘാതമായ പരിശ്രമങ്ങളുടെ അഭാവവും 'ഞാൻ പൗലോസിന്റേത്' 'ഞാൻ അപ്പോളോസിന്റേത്' (1 കോറി 1, 10-12 കാണുക) എന്ന വിഭാഗീയമനോഭാവവും തരണം ചെയ്യാനും ഇത് നമ്മെ സഹായിക്കും.

പ്രേഷിത ഐക്യമെന്നത് ഐക്യരൂപമായി തെറ്റിദ്ധരിക്കരുതെന്ന് പറയേണ്ടതില്ലല്ലോ. മറിച്ച്, അത് വിവിധ കാരിസങ്ങൾ ക്രിസ്തുസ്നേഹം ദൃശ്യയോഗ്യമാക്കുകയും അവിടുത്തെ അഭിമുഖീകരിക്കാൻ സകലരെയും ക്ഷണിക്കുകയും ചെയ്യുക എന്ന ഏക ലക്ഷ്യത്തിലേക്ക് ഒരുമിച്ചു കൂട്ടലാണ്. തദ്ദേശീയ സമൂഹങ്ങൾ പരസ്പരം സഹകരിക്കുകയും സാംസ്കാരികവും ആത്മീയവും ആരാധാനാക്രമപരവുമായ വ്യത്യാസങ്ങൾ ഒരേ വിശ്വാസത്തിൽ പൂർണമായും സ്വരച്ചേർച്ചയോടെയും പ്രകാശിപ്പിക്കുമ്പോഴാണ് സുവിശേഷവല്ക്കരണം സാധ്യമാകുന്നത്. അതിനാൽ, സഭയിലെ എല്ലാ സ്ഥാപനങ്ങളെയും സഭാപരമായ പ്രേഷിത കൂട്ടായ്മ ശക്തിപ്പെടുത്തുവാനും ഈ പ്രേഷിതദൗത്യത്തിൽ മൂർത്തവും സർഗാത്മകവുമായ സഹകരണവഴികൾ കണ്ടെത്തുവാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇതു സംബന്ധിച്ച്, പെറുവിലെ എന്റെ സേവനകാലത്ത് ഞാൻ നേരിട്ടനുഭവിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്ന, പോന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ പ്രേഷിത സഹകരണത്തിനായി നൽകി വരുന്ന സേവനങ്ങൾക്ക് ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. ഈ സൊസൈറ്റികൾ - പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്, ഹോളി ചൈൽഡ്ഹുഡ്, സെന്റ് പീറ്റർ ദി അപ്പോസ്റ്റൽ, പൊന്തിഫിക്കൽ മിഷണറി യൂണിയൻ എന്നിവ - എല്ലാ പ്രായത്തിലുമുള്ള വിശ്വാസികളിൽ പ്രേഷിതബോധം രൂപപ്പെടുത്താനും പ്രാർത്ഥനയുടെയും ഉപവിയുടെയും ശൃംഖലയിലൂടെ ലോകമെമ്പാടുമുള്ള സമൂഹങ്ങളെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. സൊസൈറ്റി ഓഫ് പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത് സ്ഥാപകനായ വാഴ്ത്തപ്പെട്ട പൗളീൻ മരീ ജാരിക്കോട്ട് ഇരുനൂറ് വർഷങ്ങൾക്കു മുമ്പ് ലിവിംഗ് റോസറി സ്ഥാപിച്ചു എന്ന കാര്യം ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ഇന്നും ലോകമെമ്പാടുമുള്ള വിശ്വാസികളെ ആത്മീയവും മിഷൻപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനായി ഇവർ ഒരുമിപ്പിക്കുന്നു. സൊസൈറ്റി ഓഫ് പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്തിന്റെ നിർദേശപ്രകാരം പീയൂസ് പതിനൊന്നാമൻ പാപ്പാ 1926-ൽ ലോക മിഷൻ ദിനം സ്ഥാപിക്കുകയുണ്ടായി എന്നും പ്രത്യേകം ഓർമിക്കണം. ഈ ദിവസം സമാഹരിക്കുന്ന വാർഷികസംഭാവനകൾ സഭയുടെ വിവിധ പ്രേഷിതദൗത്യങ്ങളുടെ ആവശ്യങ്ങൾക്കായി സൊസൈറ്റി പാപ്പായുടെ നാമത്തിൽ വിതരണം ചെയ്യുന്നു. ഈ നാല് സൊസൈറ്റികളും, താന്താങ്ങളുടെ സവിശേഷതയിൽ, ഇന്നും സഭയിൽ വിലപ്പെട്ട പങ്കുവഹിക്കുന്നു. ഐക്യത്തിന്റെയും സഭാപരമായ പ്രേഷിതകൂട്ടായ്മയുടെയും സജീവമായ അടയാളങ്ങളാണ് ഇവർ. കൃതജ്ഞതയുടെ ചൈതന്യത്തിൽ ഇവർക്കൊപ്പം സഹകരിച്ചു പ്രവർത്തിക്കാൻ ഞാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

## 3. സ്നേഹിക്കാനുള്ള പ്രേഷിതദൗത്യം - ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തിന്റെ പ്രഘോഷണവും ജീവിതവും പങ്കുവയ്ക്കലും

മിഷന്റെ വ്യവസ്ഥ ഐക്യമാണെങ്കിൽ അതിന്റെ സത്ത സ്നേഹമാണ്. ലോകത്തിൽ പ്രഘോഷിക്കാൻ നമ്മിൽ ഭരമേൽപിക്കപ്പെട്ടിരിക്കുന്ന സുവിശേഷം ഒരു അമൂർത്ത ആശയമല്ല. യേശു ക്രിസ്തുവിൽ മാംസം ധരിച്ച ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തിന്റെ സുവിശേഷമാണത്.

ശിഷ്യന്മാരുടെയും സഭ മുഴുവന്റെ തന്നെയും ദൗത്യം പരിശുദ്ധാത്മാവിൽ ക്രിസ്തുവിന്റെ ദൗത്യം മുന്നോട്ട് കൊണ്ടുപോകുക എന്നതാണ്. സ്നേഹത്തിൽ പിറന്ന്, സ്നേഹത്തിൽ ജീവിച്ച് സ്നേഹത്തിലേക്ക് നയിക്കുന്ന ദൗത്യം. തന്റെ പീഡാസഹനത്തിനു മുന്നോടിയായി പിതാവിനോടുള്ള മഹത്വമാർന്ന പ്രാർത്ഥനയിൽ, ശിഷ്യന്മാരുടെ ഐക്യത്തിനായി പ്രാർത്ഥിച്ചശേഷം കർത്താവ് ഇങ്ങനെയാണ് ഉപസംഹരിക്കുന്നത്: 'അങ്ങ് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനും' (യോഹ 17, 26) എന്നാണ്. ക്രിസ്തുസ്നേഹത്താൽ പ്രേരിതരായി അപ്പോസ്തലന്മാർ ക്രിസ്തുവിനുവേണ്ടി സുവിശേഷം പ്രഘോഷിക്കുവാൻ യാത്രയായി (2 കോറി 5,14). അതുപോലെ, നൂറ്റാണ്ടുകളായി, രക്തസാക്ഷികളും ആത്മീയഗുരുക്കന്മാരും പ്രേഷിതരും അടങ്ങുന്ന കോടാനുകോടി ക്രിസ്ത്യാനികൾ ഈ ദിവ്യസ്നേഹം ലോകത്തെ അറിയിക്കുന്നതിനായി തങ്ങളുടെ ജീവൻ അർപ്പിച്ചു. അപ്രകാരം, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, സ്നേഹാരൂപിയിൽ, സഭയുടെ സുവിശേഷവല്ക്കരണ ദൗത്യം ലോകാവസാനം വരെ തുടരും.

ആദ് ജെന്തെസ് മിഷണറിമാർക്ക് (സ്വന്തം നാടിനു പുറത്ത് പ്രവർത്തിക്കുന്ന മിഷണറിമാർ) ഞാൻ പ്രത്യേകമായി നന്ദി അറിയിക്കുന്നു. വി. ഫ്രാൻസിസ് സേവ്യറെ പോലെ, അവർ തങ്ങളുടെ സ്വദേശവും കുടുംബവും സുരക്ഷിത താവളങ്ങളും ഉപേക്ഷിച്ച് സുവിശേഷപ്രഘോഷണത്തിനായി ഇറങ്ങി, പലപ്പോഴും വെല്ലുവിളികൾ നിറഞ്ഞതും ദരിദ്രവും സംഘർഷഭരിതവും സാംസ്കാരികമായി അപരിചിതവുമായ ദേശങ്ങളിലേക്ക് യാത്രയായി. പ്രതികൂലാവസ്ഥകളും മനുഷ്യപരിമിതികളും മറികടന്ന് അവർ സന്തോഷപൂർവം തങ്ങളെത്തന്നെ നൽകി. കാരണം, ക്രിസ്തു തന്നെയും അവിടുത്തെ സുവിശേഷവുമാണ് നമ്മുടെ ഏറ്റവും വലിയ നിധി എന്ന് അവർ അറിഞ്ഞിരുന്നു. ദൈവസ്നേഹം എല്ലാ അതിരുകളും ഭേദിക്കുന്നുവെന്ന് അവരുടെ സ്ഥിരോത്സാഹത്തിലൂടെ അവർ കാണിച്ചു കൊടുത്തു. ക്രിസ്തുവിന്റെ ഈ ധീരസാക്ഷികളെ ലോകത്തിന് ഇനിയും ആവശ്യമാണ്. സഭാസമൂഹത്തിന് പുതിയ പ്രേഷിതദൈവവിളികൾ ആവശ്യമാണ്. അവരെ നാം എന്നും ഹൃദയത്തോട് ചേർത്തുവയ്ക്കുകയും പിതാവിനോട് അവർക്കായി നിരന്തരം പ്രാർത്ഥിക്കുകയും വേണം. എല്ലാമുപേക്ഷിച്ച് ക്രിസ്തുവിന്റെ പാത പിൻചെന്ന് ലോകാതിർത്തി വരെ സുവിശേഷം പ്രസംഗിക്കുന്ന യുവാക്കളെയും മുതിർന്നവരെയും അവിടുന്ന് നമുക്ക് പ്രദാനം ചെയ്യട്ടെ.

സ്ത്രീകളും പുരുഷന്മാരുമായ മിഷണറിമാരോടുള്ള ഹൃദയം നിറഞ്ഞ ബഹുമാനത്തോടെ, സുവിശേഷവല്ക്കരണദൗത്യത്തിൽ, പ്രാർത്ഥന വഴിയും മിഷനുവേണ്ടിയുള്ള സംഭാവനകൾ വഴിയും അവരോടൊപ്പം ചേരാൻ സഭ മുഴുവനോടും ഞാൻ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു. വി. ഫ്രാൻസിസ്

അസ്സീസി പറഞ്ഞതുപോലെ, 'സ്നേഹം സ്നേഹിക്കപ്പെടുന്നില്ല,' അദ്ദേഹം സ്വർഗസ്ഥനായതിന്റെ എണ്ണൂറാം വാർഷികം നാം ആഘോഷിക്കുകയാണ്. ദൈവസ്നേഹത്തിൽ ജീവിക്കാനും ആ സ്നേഹം ചാരെയും ദൂരെയുമുള്ള മറ്റുള്ളവരിലേക്ക് പകരുവാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം നമ്മെ പ്രചോദിപ്പിക്കട്ടെ. 'ഇത്രയേറെ നമ്മെ സ്നേഹിച്ച അവിടുത്തെ നാം അത്രയധികം സ്നേഹിക്കണം' എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടല്ലോ (സെന്റ് ബോനവെഞ്ചർ ഓഫ് ബാഞ്ഞോ റേജിയോ, ദ ലൈഫ് ഓഫ് സെന്റ് ഫ്രാൻസിസ് അധ്യായം 9. 1. ഫോന്തി ഫ്രാഞ്ചെസ്കാനേ, 1161). തന്റെ മരണശേഷവും താൻ പ്രേഷിതപ്രവർത്തനം തുടരും എന്നു പറഞ്ഞ വി. കൊച്ചുത്രേസ്യയുടെ തീക്ഷ്ണതയിൽ നിന്നും നമുക്ക് പ്രചോദനം സ്വീകരിക്കാം. 'ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്നത് തന്നെ സ്വർഗത്തിലിരുന്നും ചെയ്യും. യേശുവിനെ സ്നേഹിക്കുകയും അവിടുന്ന് സ്നേഹിക്കപ്പെടാൻ പ്രവർത്തിക്കുകയും ചെയ്യും (ലെറ്റർ 220. ലാബെ ബേല്ലിയേർ, 24 ഫെബ്രുവരി 1897).

ഈ സാക്ഷ്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, നമുക്ക് ലഭിച്ചിരിക്കുന്ന ദൈവവിളിയും ദാനങ്ങളും അനുസരിച്ച്, സദാ സ്നേഹപ്രവർത്തനം തന്നെയായ സുവിശേഷവല്ക്കരണത്തിനായി നമുക്കും നമ്മെ തന്നെ സമർപ്പിക്കാം. നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും, ഈ ലോക മിഷൻ ദിനത്തിൽ പ്രത്യേകിച്ചും, ദൈവസ്നേഹത്തിന്റെ സുവിശേഷം എല്ലാവരിലും, വിശേഷിച്ച് പാവങ്ങളിലും ഏറ്റവും ആവശ്യമായിരിക്കുന്നവരിലും എത്തിക്കുന്നതിന് വലിയ സഹായമായിരിക്കും. നിങ്ങളുടെ സംഭാവന, അതെത്ര ചെറുതായാലും, പ്രേഷിതകൂട്ടായ്മയിൽ അർത്ഥവത്തായ പ്രവർത്തി തന്നെയാണ്. 'ലോകമെങ്ങുമുള്ള പ്രേഷിത പ്രവർത്തനങ്ങൾക്കായി നിങ്ങൾ ചെയ്യുന്ന സഹായങ്ങൾക്ക്' ഞാൻ വീണ്ടും നന്ദി പറയുന്നു (2025 ഒക്ടോബർ 19-ലെ ലോക മിഷൻ ദിനത്തിൽ നൽകിയ വീഡിയോ സന്ദേശം). ആത്മീയ കൂട്ടായ്മ ഊട്ടിയുറപ്പിക്കുന്നതിനായി ഞാൻ ഈ ചെറിയ പ്രാർത്ഥനയോടൊപ്പം എന്റെ ആശീർവാദവും നൽകുന്നു:

പരിശുദ്ധനായ പിതാവേ, ഒന്നിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ക്രിസ്തു സ്നേഹത്താൽ ഞങ്ങളെ ക്രിസ്തുവിൽ ഐക്യപ്പെടുത്തണമേ. സഭാംഗങ്ങൾ എല്ലാവരും പ്രേഷിതദൗത്യത്തിൽ ഒരുമിക്കുകയും പരിശുദ്ധാത്മാവിനോട് വിധേയത്വമുള്ളവരും സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നതിൽ ധീരരുമായി തീരുകയും ഓരോ ദിവസവും സകല സൃഷ്ടികളോടും അവിടുത്തെ വിശ്വസ്ത സ്നേഹത്തെ കുറിച്ച് പ്രഘോഷിക്കുകയും ചെയ്യട്ടെ.

മിഷണറിമാരായി സേവനം ചെയ്യുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും അനുഗ്രഹിക്കുകയും അവരുടെ ഉദ്യമങ്ങളെ ശക്തിപ്പെടുത്തുകയും പ്രത്യാശയിൽ അവരെ കാത്തുകൊള്ളുകയും ചെയ്യണമേ!

പ്രേഷിതപ്രവർത്തനങ്ങളുടെ രാജ്ഞിയായ മറിയമേ, ലോകത്തിന്റെ ഓരോ കോണിലും ഞങ്ങൾ ചെയ്യുന്ന പ്രേഷിതപ്രവർത്തനങ്ങളിൽ ഒപ്പം വരണമേ. ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കുകയും രക്ഷാകരമായ ക്രിസ്തുവിന്റെ വെളിച്ചം ലോകം മുഴുവൻ തിരിച്ചറിയാൻ ഇടയാക്കുകയും ചെയ്യണമേ. ആമ്മേൻ.

25 ജനുവരി 2026, ആണ്ടുവട്ടത്തിലെ മൂന്നാം ഞായർ, വി. പൗലോസിന്റെ മാനസാന്തരത്തിരുനാൾ ദിനം.

വത്തിക്കാനിൽ നിന്ന്

**ലെയോ പതിനാലാമൻ പാപ്പാ**

**പരിഭാഷ: റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി,**
വരാപ്പുഴ അതിരൂപത